
# എസ് .എം.എസ് .ജെ.ഹൈസ്കൂൾ
# തൈക്കാട്ടുശ്ശേരി

## ഡിജിറ്റൽ മാസിക




# ഉന്നതി

## ഡിജിറ്റൽ മാഗസിൻ

## 2018-2019

## എസ്.എം.എസ്.ജെ.ഹൈസ്കൂൾ

## തൈക്കാട്ടുശ്ശേരി

## ലിറ്റിൽ കൈറ്റ്സ് സംരംഭം

ഉന്നതി



എസ്.എം.എസ്.ജെ.എച്ച്.എസ് തൈക്കാട്ടുശ്ശേരി

## എഡിറ്റോറിയൽ ബോർഡ്

വന്ദന ജോസഫ്

മാളവിക

അജയ് കൃഷ്ണൻ

ജസ്റ്റി ജോയ്

രശ്മിത എ

സോന

മരിയ

അപർണ

# സന്ദേശം



ആരിഫ് MLA


ADV. A. M. ARIFF
(AROOR)
MEMBER
KERALA LEGISLATIVE ASSEMBLY

AROOR BHAVAN
THURAVOOR P. O.
CHERTHALA
ALAPPUZHA

ARUNYAM
THIRUVAMPADY P.O.
ALAPPUZHA-2

PHONE :
RESI. : 0477-2267949
OFFICE : 0478-2563995
THIRUVANANTHAPURAM : 0471-2512298
MOBILE : 9447260665

NEYYAR-6. B
M. L. A. HOSTEL
THIRUVANANTHAPURAM
E-mail : ariffmla@gmail.com
Website: www.amariff.com


CAMP: Tvm

DATE: 12.12.2018

**സന്ദേശം**

ശ്രീമൂലം സിൽവർ ജൂബിലി ഹൈസ്കൂൾ വിദ്യാർത്ഥികൾ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ SMSJHS ഉന്നതി എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസീൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു. പഠനത്തോടൊപ്പം വിദ്യാർത്ഥികളിലെ കാലാപരമായ കഴിവുകൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും സ്കൂൾ മാനേജ്മെന്റും അദ്ധ്യാപകരും നൽകുന്ന പ്രോത്സാഹനങ്ങൾ അഭിനന്ദനീയമാണ്. SMSJHS ഉന്നതി എന്ന പേരിൽ തയ്യാറാക്കുന്ന ഈ ഡിജിറ്റൽ മാഗസീന് എല്ലാവിധ ആശംസകളും നേരുന്നു.

MEMBER, KERALA LEGISLATIVE ASSEMBLY ★ AROOR ★

# സന്ദേശം



വിശുദ്ധ ബൈബിളും ചരിത്രവും
പഠിക്കുമ്പോൾ പ്രസിദ്ധനായ സീസറും സമർത്ഥനായ ഹോമറും വിജ്ഞാവിയായ സോളമനും ശ്രദ്ധയരാണ് മൂന്നുപേരുടെയും ജീവിതം കൂട്ടിവായിക്കുമ്പോൾ ഉന്നത നിലവാരത്തിന്റെ തുടിപ്പുകൾ പ്രകടമാവും.

ഏതൊരു വിദ്യാലയവും ഇത്ത രത്തിൽ ഉന്നത നിലവാരത്തിലേക്ക് വരുമ്പോൾ വിദ്യാലയത്തിന്റെ ദൗത്യം പൂർത്തിയാവുക . ഇത് ലക്ഷ്യം വഹിച്ചുകൊണ്ട് തൈക്കാട്ടുശ്ശേരി എസ് . എം. എസ് . ജെ. ഹൈസ്കൂൾഉന്നതി ' ഡിജിറ്റൽ മാഗസ്സിൻ രൂപം കൊടുക്കുകയാണ്. കുഞ്ഞുമക്കളെ സമഗ്രമായ സവിശേഷതകളോടെ വളർ ത്തിയെടുത്തു എല്ലാവർക്കും സന്തോഷവും , സംതൃപ്തിയും, അന്തസും അഭിമാനവും ഉറപ്പാക്കുകയെന്നതാണ് ഉന്നതി ഡിജിറ്റൽ മാഗസ്സിൻ സ്വപ്നം കാണുന്നത്.

ഇതിന്റെ അണിയറയിൽ നിന്ന് രൂപകല്പന ചെയ്തവർക്കും ഇതിൽ പുതുജീവൻ നല്കാൻ പരിശ്രമിച്ചവർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ

ഫാ. ജോസഫ് പാറപ്പുറം

# സന്ദേശം

**ARCHDIOCESAN CORPORATE EDUCATIONAL AGENCY**
*Archdiocese of Ernakulam- Angamaly*
**RENEWAL CENTRE, AZAD ROAD, KALOOR, KOCHI – 682 017**
Ph. 0484- 2343940, 4047458 , 23469

ശ്രീമൂല നഗരം സിൽവൽ ജൂബിലി ഹൈസ്കൂൾ വിദ്യാർത്ഥികൾ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ SMSJ HS ഉന്നതി എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു. പഠനത്തോടൊപ്പം വിദ്യാർത്ഥികളിലെ കലാപരമായ കഴിവുകൾ കണ്ടെത്തുന്നതിനും സാഹിത്യാഭിചുരികൾ വികസിപ്പിക്കുന്നതിനും സ്കൂൾ മാനേജുമെന്റും അദ്ധ്യാപകരും നൽകുന്ന ശ്രദ്ധയും പ്രോത്സാഹനവും അഭിനന്ദനീയമാണ്. SMSJ HS ഉന്നതി പേരിൽ തയ്യാറാക്കുന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

കോർപ്പറേറ്റ് മാനേജർ

# എഡിറ്റോറിയൽ

2018 – 19 അദ്ധ്യയന വർഷത്തിൽ ലിറ്റിൽ
കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ
എസ്.എം.എസ്.ജെ ഉന്നതി എന്ന ഡിജിറ്റൽ
മാഗസിൻ ഞങ്ങൾ അവതരിപ്പിക്കുകയാണ്
പൊതുവിദ്യാലയത്തിൽ ലിറ്റിൽ കൈറ്റ്സ്
ക്ലബുകൾ ആരംഭിച്ചത് തീർച്ചയായും ഐറ്റി
രംഗത്ത് പുതിയ ഒരു കാൽ വയ്പ്പാണ്.
മനുഷ്യ സമൂഹം സാങ്കേതിക വിദ്യയുടെ
വളർച്ചയുടെ ഫലമായി വളരെയധികം
വെല്ലു വിളികളെ നേരിടുന്നുണ്ട്.സൈബർ
കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് ഇതിനൊരു
ഉദാഹരണമാണ്.നമ്മുടെ ഭാവി തലമുറ
റോബോട്ടിക്സിന്റേതായ വിസ്മയലോകത്തേക്ക്
ഉറ്റുനോക്കുന്നത്.അതിന് അവരെ പ്രാപ്തരാക്കു -
ന്നതിന് വിദ്യാലയങ്ങളിൽ നടക്കുന്ന ലിറ്റിൽ കൈറ്റ്സ്
ക്ലബ്ബുകളിലൂടെയുള്ള പരിശീലനം
ഒരു പ്രധാന പങ്കുവഹിക്കുന്നു ഞങ്ങൾ
വിശ്വസിക്കുന്നു.ഈ സംരഭത്തിൽ ഞങ്ങളെ
സഹായിച്ച ഡെന്നീസ് സാറിനും എൽസി
ടീച്ചർക്കും ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ പേരിൽ നന്ദി
രേഖപ്പെടുത്തുന്നു.



വന്ദന ജോസഫ്
ചീഫ് എഡിറ്റർ




കവിത



ജയ്മി ജോയ്

# കാട്ടരുവി

*പാരിജാതപ്പൂക്കൾ ചിരിച്ചു*
*ശാരികപൈതൽ പതിയെ ചിലച്ചു*
*മന്ദമായൊഴുകുന്ന കാട്ടരുവിത്തീരത്ത്*
*കളകള ഗാനം ഞാൻ കേട്ടു നിന്നു*
*സ്ഫടികം പോലുള്ള തെളിനീർ നിറയും*
*മായാവതി നീ മാലാഖയോ*
*ദേവകന്യകമാരേക്കാൾ കണ്ണഞ്ചിപ്പിക്കും*
*അപ്സരകന്യകയാണോ നീ*
*ചെറുചിരിയോടവൾ എന്നോട്*
*സ്വകാര്യം പറഞ്ഞിതേവം*
*മായാവതിയല്ല മാലാഖ കുഞ്ഞല്ല*
*അപ്സരകന്യയുമല്ലീ ഞാൻ*
*അവളുടെ ഓളങ്ങളിൽ തല*
*പൊക്കിയായിരം മത്സ്യകുഞ്ഞുങ്ങൾ*
*അവളുടെ ഒഴുക്കിനെ അനുഗമിച്ചെന്നോണം*
*വെള്ളാരംകല്ലുകൾ ഒഴുകി വന്നു*
*പുഞ്ചിരിയോടെ ഞാൻ അവളോട് ചോദിച്ചു*
*അല്ല ഞാനിവയ്ക്കെല്ലാം മാതാവു താൻ*



അലൻ





കവിത

# ധരണി



രശ്മിത എ

*പണ്ഡിതനോ പാമരനോ*
*ധനവാനോ ദരിദ്രനോ*
*സവർണ്ണനോ അവർണ്ണനോ*
*ലിംഗഭേദമൊന്നുമില്ല*
*എല്ലാരും സമൻമാർ*
*ധരണിതൻ നിറുകയിൽ*
*മൂകസാക്ഷിയായി നിന്നവൾ*
*മഹാപ്രളയത്തിൻ മുന്നിലും*
*അതിജീവനപാതയിൽ*
*സ്വജീവൻ പകർന്നീടും*
*ധീരപ്രജകൾക്ക് മുന്നിലും*
*മൂകസാക്ഷിയായി നിന്നവൾ*
*പ്രളയമോ മഹാമാരിയോ*
*അഗ്നിനാളമോ വന്നീടിലും*
*മാറുകില്ല മാറ്റുകില്ലൊരിക്കലും*
*മാനവസ്പർദ്ധയും*
*അഹമെന്ന ഭാവവും*
*മുകസാക്ഷിയായി ഇനിയും നിൽപവൾ*
*മറ്റൊരു മാരിതൻ മുമ്പിലും.*



കവിത

# കിന്നരിപൂമ്പാറ്റ



പാറിനടക്കും പൂമ്പാറ്റേ
പുഞ്ചിരിതൂകും പൂമ്പാറ്റേ
പാറിനടക്കുവതെന്താണ്
പൂന്തേനൊന്നും കിട്ടീല്ലേ
ആവണി മാസം പുലരുമ്പോൾ
പൂക്കൾ നിന്നു ചിരിക്കുമ്പോൾ
എൻ മുറ്റത്തെ പൂച്ചെടിമേൽ
പൂന്തേനുണ്ണാൻ വരികില്ലേ
കാറ്റത്താടും ചെണ്ടിന്മേൽ
പുഞ്ചിരി തൂകാൻ നീയെന്നും
പൂന്തോട്ടത്തിൽ വരികില്ലേ
പൂക്കൾതോറും ചെല്ലില്ലേ......



*നിഖിൽ മഹേശ്വർ*



ലേഖനം

# കേരളത്തിലെ കലകൾ

ജയ്മി ജോയ്



## മോഹിനിയാട്ടം

കേരളത്തിന്റെ ഉത്ഭവിച്ച ശാസ്ത്രീയ നൃത്തരൂപമാണ് ഇത് സ്ത്രീകൾ ലാസ്യരസപ്രധാനമായി അരങ്ങിൽ അവതരിപ്പിക്കുന്ന ഒന്നാണ് മോഹിനിയാട്ടം അതുകൊണ്ടു തന്നെ ഇതിന്റെ ഏറ്റവും പ്രധാനഭാവരസം ശൃംഗാരമാണ് കലമണ്ഡലം കല്യാണിക്കുട്ടിയമ്മ ദക്ഷിണേന്ത്യയിലെ മോഹിനിയാട്ടത്തിന്റെ മാതാവ് എന്നറിയപ്പെടുന്നു



## കഥകളി

കേരളത്തിലെ തനതു കലാരൂപമാണ് കഥകളി സകല കലകളുടെയും സംഗമമായ കല കലകളുടെ എന്നിങ്ങനെയറിയപ്പെടുന്ന കേരളത്തിലെ ഉദാത്ത നാട്യരൂപമായ കഥകളി പൊതുവെ നൃത്തനാട്യം എന്നും വിശേഷിപ്പിക്കപ്പെടുന്ന കഥകളിയുടെ ആദിരൂപം രാമനാട്ടമാണ് സാഹിത്യരൂപം ആട്ടക്കഥയും കോട്ടയത്തു തമ്പുരാനെയാണ് കഥകളിയുടെ ഉപജ്ഞാതാവായി കണക്കാക്കുന്നത്



## കൂടിയാട്ടം

കേരളത്തിലെ ഏറ്റവും പഴക്കമുള്ള ഒരു ക്ഷേത്രകലയാണ് കൂടിയാട്ടം സംസ്കൃത നാടകശൈലിയിലുള്ള കേരളത്തിലെ തനത് ഉപയോഗിക്കുന്ന സംഗീതോപകരണം മിഴാവാണ്



## കൂത്ത്

കേരളത്തിലെ എറ്റവും പഴക്കമുള്ള ഒരു ക്ഷേത്രകലയാണ് കൂത്ത് സംസ്കൃത രചനകളാണ് ചമ്പുക്കളെ ആധാരമാക്കി അവതരിപ്പിക്കുന്ന ഒരു കലാരൂപമാണ് കൂത്ത് ഫലിതത്തോടും പരിഹാസത്തോടുംകൂടി ചാക്യാർ നടത്തുന്ന പുരാണകഥാ പ്രസംഗമാണ് ചാക്യാർകൂത്ത്





കവിത

# _ഒരു മഴക്കാലത്തിന്റെ ഓർമ്മ




ജയകൃഷ്ണൻ

അന്ന രാവിലെ തുള്ളിനീർ വീണത്
എന്റെ നേർക്കു തന്നെയായിരുന്നു.
ഞാനന്നസന്തുഷ്ടവാനായി എങ്കിലും
അന്നായിരുന്നു ആ വിധിയുടെ വരവും.
അഞ്ചാഴ്ച്ചയോളം നീണ്ടുനിന്ന ആ ഒരു
മഴയിൽ മുങ്ങി അലിഞ്ഞത്
ഒരു തലമുറയുടെ ജീവിതം.
മരണം അടുത്തെത്തി എന്നറിയാതെ
അവൻ ആ മരണത്തിൻ കയത്തിൽ
ചാടിയങ്ങിറങ്ങി ധീരതയോടെ

അവൻ രക്ഷിച്ചു നാലുപേരെ
മൃത്യുവിൻ കാരഗഹസ്തങ്ങളിൽ
എന്നാലും ദൈവം അവൻ വിധിച്ചത്
ഒരു വീരമൃത്യു തന്നെ

കഥ





# മാതൃസ്നേഹം

ഒരു ഗ്രാമത്തിന്റെ നടുവിൽ ഒരു മാവ് ഉണ്ടായിരുന്നു അതിൽ രണ്ട് പക്ഷികൾ താമസിച്ചിരുന്നു അത് ഒരു അമ്മയും കുഞ്ഞുമായിരുന്നു കുഞ്ഞിന് പറക്കാൻ പറ്റാത്ത പ്രയമായിരുന്നു അതുകൊണ്ട് കുഞ്ഞിക്കിളിയുടെ അമ്മ അവൾക്ക് വേണ്ടി ഭക്ഷണംഅന്വേഷിച്ചുപോയി . അമ്മപോയി കുറച്ച് കഴിഞ്ഞപ്പോൾ ക്കുഞ്ഞിക്കിളി ക്കൂട്ടിൽ നിന്ന് പുറത്തേക്കു തലയിട്ടുനോക്കി അപ്പോൾ മരത്തിന്റെ മുകളിൽ ഒരു പരുന്ത് ഇരിക്കുന്നത് കുഞ്ഞിക്കി കണ്ടു പെട്ടന്ന് പരുന്ത് കുഞ്ഞിക്കിളിയെ റാഞ്ചാൻ വന്നു അവൾ രക്ഷപെടാനുള്ള വെപ്രാളത്തിൽ താഴെ വീണു അവളുടെ നെറ്റി മുറിഞ്ഞു പെട്ടന്നാണ് അതുവഴി വന്ന പൂച്ച അത് കണ്ടു അവൾക്ക് കാര്യം മനസ്സിലായി പൂച്ച ഓടിചെന്ന് കിളിയെ ഒരു മരത്തിന്റെ മറവിൽ ഒളിപ്പിച്ചു പരുന്ത് കിളിയെ നോക്കി നടന്നു പക്ഷേ കണ്ടില്ല പരുന്ത് പറന്ന് പോയി പൂച്ച വേഗം അവിടെ നിന്ന് പറന്നു വന്ന ഒരു കാക്കയോട് കാര്യം പറഞ്ഞു കാക്ക അപ്പോൾ അമ്മക്കിളിയെ നോക്കി പറന്നുപോയി കുറച്ച് കഴിഞ്ഞപ്പോൾ കാക്ക അമ്മക്കിളിയെയും കൊണ്ടു പറന്നു വന്നയുടൻ അമ്മ മകളെ തന്റെ മാറോട് ചേർത്തുപിടിച്ചു അമ്മക്കിളി തന്റെ മകളേയും കൊണ്ട് പുതിയ വാസ സ്ഥലത്തേക്ക് പറന്നു പോയി



കവിത

# പൂമഴ



മഴ മഴ മഴ മഴ പവിഴമഴ
കണ്ണീർപ്പൂക്കൾ വരി വരിയായ്
കാടും മേടും
കറ്റിലാടിക്കാണാൻ
എന്തുരസം

അപർണ

ഓലത്തുമ്പിൽ കളിയാടും മഴ
പവിഴം പോലെ തിളങ്ങുന്ന
കണ്ണിനു കൗതുകം നിറച്ചീടും
കാണാൻ എന്തുരസം
കള കള ഗാനം മീട്ടീടും മഴ
മേനിയിൽ കുളിരുകൾ നിറച്ചീടും
ഭംഗികൾ ചാർത്തും മഴയെക്കാണാൻ
എന്തുരസം
ഇടിയിൽ ഞാനും എന്നും ഭയന്നീടും
കുളിർ മഴയെന്നിൽ കുളിരണിയുന്നത്
കാണാനെന്തുരസം.

ലേഖനം

## _ശുചിത്വം



*വൃത്തിയും വെടിപ്പുമുള്ള പരി
സരം നമ്മുടെ മനസ്സിന് ഉണർവും സുഖവും
നൽകുന്നു നമ്മുടെ വീടും പരിസരവും ശുചിയായി
സൂക്ഷിക്കുന്നതുവഴി
നമ്മുടെ വ്യക്തിത്വം ആകർഷകവും സ്വഭാവം
നന്മയുള്ളതു
മാകും നമ്മൾ ധരിക്കുന്ന വസ്ത്രം നമ്മളുടെ കിടപ്പുമുറി നമ്മൾ
നമ്മൾ പഠിക്കുന്ന അല്ലങ്കിൽ ജോലി ചെയ്യുന്ന സ്ഥലം സ്വഭാവത്തിന്റെ
പ്രകാശനമാകും എന്നാണ് ശാസ്ത്രജ്ഞരുടെ
നിഗമനം നിർമ്മലമായ മനസ്സിന്റെ നിഷ്കളങ്കമായ ഹൃദയ
ത്തിന്റെ അച്ചടക്കമുള്ള ജീവിതശൈലിയുടെ പ്രതികമാണ്
ശുചിത്വം ചപ്പുചവറുകളുടെ മധ്യേയുള്ള ജീവിതം ദുർവഹ
വും അനാരോഗ്യപരവും അസുന്ദരവുമാണ് മൃഗങ്ങൾ മാത്രമല്ല
ചെടികൾപോലും വൃത്തിയായ പരിസരം ഇഷ്ടപ്പെടുന്നതായി
സൂക്ഷ്മനിരീക്ഷണത്തിൽ വ്യക്തമാകും കർഷകർ കൃഷിയിടം വൃത്തിയായി
സൂക്ഷിക്കുന്നതിന്റെ കാരണം അവരുടെ അറിവായിരിക്കാം പൂച്ച അതിന്റെ ശരീരവും
പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കുന്നു*

*അത് ഉണർന്നിരിക്കുമ്പോൾ പകൃതിസമയവും ശരീരഭാ ഗങ്ങൾ നാവുകൊണ്ട് വൃത്തിയാക്കുന്ന വീടിന്റെ പരിസരവും മറ്റും മലിനജലം കെട്ടിക്കിടക്കുന്നത് കൊതുകുകൾ പെരുകു ന്നതിന് ഇടവരുത്തും സമ്പന്നർക്കെന്നപോലെ ദരിദ്രർ ക്കും ശുചിത്വം സൗന്ദര്യവും അവകാശപ്പെട്ടതാണ് ഭവരഹി തർക്കു വീടുകൾ പണിതുക്കൊടുക്കുമ്പോൾ ഭവനങ്ങളും ചുറ്റ പാടുകളും വൃത്തിയായും സുന്ദരമായും സൂക്ഷിക്കുന്നതിനുള്ള പരിശീലനവും സൗകര്യങ്ങളും ഉറപ്പുവരുത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം ഇതിന്റെ അഭാവത്തിൽ*

*ആരോഗ്യപ്രശ്നങ്ങൾ മാത്രമല്ല സ്വഭാവവൈകല്യങ്ങളും സാമൂഹികപ്രശ്നങ്ങളും ഉണ്ടാകാൻ ഇടവരും ശുചിത്വം പാലിക്കുന്നതിൽ കുറ്റകരമായവിധം ഉദാസീനത കാണിക്കു ന്ന ഒരു ജനതയായി നാം മാറി എന്നതിന്റെ സൂചനകളാണ്.*

*വൃത്തിഹീനങ്ങളായ നമ്മുടെ തെരുവോരങ്ങളിലെയും പൊ തുസ്ഥലങ്ങളും വീടുകളിലെയും കച്ചവടസ്ഥാപനങ്ങളിലെയും വ്യവസായസ്ഥാപനങ്ങളിലെയും മാലിന്യം വലിച്ചെറിയാ നുള്ള സ്ഥലങ്ങളായിരിക്കുന്ന പൊതുനിരത്തുകളും തോടു കളും പുഴകളും. ഈ സംസ്കാരം നാം മാറ്റേണ്ടതാണ്.*



*വന്ദന*

ഉന്നതി



കവിത



അഭിഷേക്

# തുമ്പി വാവാ....



തുമ്പി തുമ്പി വാവാ വാ
പൂന്തേനുണ്ണാൻ വാവാ വാ
വർണ്ണചിറകുകൾ വിടർത്തി വാവാ
തുമ്പി തുമ്പി വാവാവാ
നിന്നെക്കാണാൻ എന്തുരസം
തുമ്പിതുമ്പി വാവാവാ
തുമ്പപൂവിലിരിക്കാൻ വാ.....!

# എലി ജന്മം



വിസ്മയ

ഈ പൂച്ചകളൊന്നും എലിയെ
കൊന്നിട്ട് ജനരോഷം തീർക്കില്ല
മുറിയുടെ മൂലയിൽ
ചവറുകുമ്പാരങ്ങൾക്കിടയിൽ നിന്ന്
കേൾക്കുന്ന ശബ്ദമെല്ലാം
എലി ശബ്ദമാണെന്നാ-
ക്രോശിക്കയല്ലാതെ
ഈ പൂച്ചകളൊന്നും
എലിയെ പിടിക്കില്ല
പനി പടർത്തുന്ന എലികൾ
പതുങ്ങി പതുങ്ങി
പിന്നാമ്പുറത്തേക്ക് മറഞ്ഞ്
മാളങ്ങളിൽ ധ്യാനനിരതരായിരുന്ന്
പൂച്ച ജന്മം പ്രാപിക്കുന്നു.
പൂച്ചകളായി നിലനിന്ന പൂച്ചകളൊക്കെ
താപവ്യതിയാനത്താൽ
എലികളായി പുനർ ജനിക്കുന്നു
എലികളുടെ ചീറ്റൽ
എന്റെ സ്വപ്നങ്ങളെ
രോഗാതുരതമാക്കുമ്പോഴും
കാലാകാലങ്ങളിൽ
പരിണതനേടിയ പൂച്ചകൾ വിളിച്ചു പറയുന്നു.
ഇവിടെയെങ്ങും എലികളാണ്
എലികൾ മാത്രം


അറിയിപ്പ്
പുകവലി
അത് കർശനമായി നിരോധിച്ചിരിക്കുന്നു.
H.M.
PEACE
STOP THE WAR
NOT WAR

# ക്വിസ്

1. ലോക ഓസോൺ ദിനം എന്നാണ് ?

   സെപ്റ്റംബർ 16

2. ഇന്ത്യയിൽ ഏറ്റവും വലിയ ഉപ്പുജല തടാകം?

   ചിൽക്ക

3. കേരളത്തിലെ ഏക നിത്യഹരിതവനം?

   സൈലന്റ് വാലി

4. ഇന്ത്യയുടെ പൈതൃക മൃഗം ?

   ആന

5. ഇൻഡ്യയിലാദ്യമായി പ്ലാസ്റ്റിക്ക് നിരോധിച്ച സംസ്ഥാനം?

   ഹിമാചൽപ്രദേശ്

6. കേരളത്തിൽ ഏറ്റവും കൂടുതൽ കണ്ടൽവനമുള്ള ജില്ല?

   കണ്ണൂർ

7. കർഷകന്റെ മിത്രം എന്നറിയപ്പെടുന്ന പക്ഷി ?

   മൂങ്ങ

8. ഏറ്റവും കൂടുതൽ ആനകളുള്ള സംസ്ഥാനം ?

   കർണ്ണാടകം

9. ഭൗമദിനമായി ആചരിക്കുന്നത് എന്ന് ?

   ഏപ്രിൽ 22

10. പഞ്ചനദികളുടെ നാട് എന്നറിയപ്പെടുന്ന സംസ്ഥാനം ?

    പഞ്ചാബ്

11. ഏറ്റവും വലിയ വേഗത്തിൽ വളരുന്ന സസ്യം ?

    മുള

12. തലയിൽ ഹൃദയമുള്ള ജീവി ?

    ചെമ്മീൻ

13. ലോകത്തിലെ ഏറ്റവു വലിയ കൃത്രിമ തടാകം ?

വോൾട്ടോ

14. ലോകത്തിലെ ഏറ്റവും ചെറിയ നദി ?

റോ നദി

15. പർവ്വതങ്ങളുടെ നാടേത് ?

മാസിഡോണിയ

16. നീലസ്വർണ്ണം എന്നറിയപ്പെടുന്നത് ?

ജലം

17. കടുവകളുടെ ഏറ്റവും വലിയ ഇനമേത് ?

സൈബീരിയൻ കടുവ

18. പരുത്തിയുടെ ജന്മദേശം ?

ഇന്ത്യ

19. ഏറ്റവും പഴക്കമുള്ള പുഷ്പം ?

മാഗ്നോലിയ

20. ലോക കുരുവി ദിനം ?

മാർച്ച് 20.



മരിയ



21.ഏറ്റവും കൂടുതൽ ലോഹമണൽ നിക്ഷേപനമുള്ള ജില്ല ?

കൊല്ലം

22.മേഘാലയ സംസ്ഥാന മൃഗം ?

മേഘപ്പുലി

23.കേരളത്തിൽ സുഗന്ധവിള ഗവേഷണ കേന്ദ്രം ?

കോഴിക്കോട്

24.കേരളത്തിലെ കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം ?

കാസർകോട്

25.ചിത്രക്കൂട് വെള്ളച്ചാട്ടം ഏത് സംസ്ഥാനത്താണ് ?

ഛത്തീസ്ഗഢ്

26.ഏറ്റവും വലിയ മനുഷ്യക്കുരങ്ങ് ?

ഗറില്ല

27.ഹെലികോപ്ടർ പക്ഷി ഏതാണ് ?

ആകാശക്കുരുവി

28.വെള്ളാനകളുടെ നാട് ഏതാണ് ?

തായിലന്റ്

29. കേരളത്തിലെ ഏറ്റവും കൂടുതൽ തരിശുഭൂമിയുള്ള ജില്ല ?

ഇടുക്കി

30.കേരളത്തിലെ നെല്ലുഗവേഷണ കേന്ദ്രം ?

പട്ടാമ്പി



കവിത

# മരം



അജയ്

മരങ്ങൾക്കനിറം പച്ച
തണ്ടുകൾക്കനിറം കാപ്പി
ചില്ലകളിൽ വന്നിരിക്കും കാക്ക
കാക്കയ്ക്ക് നിറം കറുപ്പ്.
മന്ദമാരുതൻ തഴകിത്തലോടുന്ന
ചില്ലകൾത്തോറും
കിളികൾ പാറിപ്പറക്കുന്ന
പെരുവഴിയിൽ ശിരസ്സുയർത്തി
നിൽക്കുന്ന മരം
വസന്തം വിരിയുന്നു,മരങ്ങൾ പൂക്കുന്നു
ചിരിച്ചുകൊണ്ടുനിൽക്കുന്ന മരം
തണ്ടുകൾത്തോറും പൂക്കളുമേറി
സൂര്യാർക്ക രശ്മികൾ
പടിഞ്ഞാറൻ ചക്രവാളത്തിൽ
ചെന്താമരവിളിക്കുമ്പോൾ
കൂടണയുന്ന പക്ഷികൾ
മരച്ചില്ലകൾ വീടുകളായിമാറുന്നു
നേരം സന്ധ്യയായി
അമ്മതൻ വിളികേൾക്കുന്നു
എനിക്കും വീടണയാൻസമയമായി



കവിത




ഹെലോയ്സ്

# പുതുവർഷ പ്രതീക്ഷകൾ




പെയ്തിറങ്ങിയ രാത്രിമഴയിൽ
പോയവർഷം വിടപറഞ്ഞിറങ്ങി
ഡിസംബറിന്റെ തണുത്തകുളിരിൽ
പുതുയുഗപ്പിറവിയായി.
പോയകാലത്തിന്റെ നഷ്ടവസന്തവും
സുന്ദരസ്വപ്നത്തിൻ സാക്ഷാത്കാരവും
കണികണ്ടുണർന്നിടും പുതുയുഗപ്പിറവിയിൽ
ഇനിയിവിടെ ബോംബുകൾ പൊട്ടാതിരിക്കട്ടെ
നാളെയുടെ വിഷവിത്തുകൾ മുളയ്ക്കാതിരിക്കട്ടെ
മദ്യശാലകളിൽ നീണ്ടനിര ഇല്ലാതിരിക്കട്ടെ
വിജ്ഞാനസദസുകളിൽ
വലിയൊരാൾക്കൂട്ടമുണ്ടായിരിക്കട്ടെ
സത്യവും ധർമ്മവും വിളങ്ങിടട്ടെ
ദൈവത്തിൻ സ്വന്തം നാടേ
രണ്ടായിരത്തിപത്തൊൻപതേ
നിനക്കായ് സ്വാഗതം ഓതിടട്ടേ.


Time Table



# _കടംകഥകൾ

1. അകം എല്ലം തോലും പുറം പൊന്തം പൊന്തം?

    വൈക്കോൽത്തുറു                                   *ശിവ*

2. അകത്തിരിപ്പോനെ തള്ളി പുറത്താക്കും കണ്ണാടി ?

    മുഖം

3. അകത്തേക്കു പോകുമ്പോൾ പച്ച പുറത്തേക്ക് വരുമ്പോൾ ചുവപ്പ് ?

    വെറ്റിലമുറുക്ക്

4. അകത്തേക്കും നിന്നു നോക്കിയാൽ കാണും കണ്ടതെല്ലാം ഉള്ളിലാക്കും ?

    ക്യാമറ

5. അകത്തുരോമം പുറത്ത് ഇറച്ചി ?

    മൂക്ക്

6. അകത്തു തിരിയട്ട് പുറത്ത് മട്ടയിട്ടു ?

    കുരിമുളക്

7. അകമില്ല പുറമില്ലാ ഞെട്ടില്ല വട്ടയില ?

    പപ്പടം

8. അക്കരെനിക്കും കൊക്കമ്പി ഇക്കരെനിക്കും കൊക്കമ്പി കടലിൽ ചാട്ടും കൊക്കമ്പി ?

    സൂര്യൻ

9. അക്കരെ നിക്കുന്ന കൊമ്പൻ കാളയ്ക്ക് അറുപത്തിനാല് മുടിക്കയറ് ?  കുമ്പളവള്ളി

10. അസ്സും ഉറക്കും മണിമുത്തിൽ പത്തായം ?

    കണ്ണ്

11. അടി മദ്ദളം ഇല ചുക്കിരി കായ കൊത്തിരി ?

    പുളിമരം

12. അടിക്ക് കൊടുത്താൽ മിടുക്ക് കാണാം ?

    തെങ്ങ്

13. അടിക്ക് വെട്ട് നടുക്ക് കെട്ട് തലയ്ക്ക് ചവിട്ട് ?

    നെല്ല്

14. അടയുടെയുള്ളിലൊരു പൊരുമ്പട ?

    തേനീച്ചക്കൂട്

15. അടുക്കള കോവിലിൽ മൂന്ന് ദൈവങ്ങൽ ?

    അടുപ്പ്

16. അടിയിൽ കിണ്ണം നടുവിൽ വടി മേലെ കുട ?

    ചേന

17. അടി പാറ നടു വടി തല കാട് ?

    ചേന

18. അടി ചെടി നടു മദ്ദളം തല നെൽച്ചെടി ?

    കൈതച്ചക്ക

19. അടിയിലും മുകളിലും തട്ടിട്ടിരിക്കുന്ന പെരുന്തച്ചൻ ?
ശിവ ഷിബു

    ആമ

20. അമ്മ പെറ്റതെല്ലാം ചെമ്പൻ പട്ടാളം ?

    കട്ടുറുമ്പ്

ഉന്നതി



എസ്.എം.എസ്.ജെ.എച്ച്.എസ് തൈക്കാട്ടുശ്ശേരി

കവിത

# കാത്തിരിപ്പ്



ജയകൃഷ്ണൻ

കാൽപ്പാടുകളേറെ വിരിഞ്ഞതാണാവഴി -
ക്കോണിൽ,എന്നാലൊന്ന് കണ്ടതില്ല,
മൂകയായ്,കണ്ണനീർ വീർത്തൊരാവീഥിയിൽ,
ആരെയോ കാത്തുഞാൻ നിന്നിടുന്നു.

വേനൽ - വസന്തം വഴിയൊഴിഞ്ഞു - ഋതു -
കാലമെന്മുന്നിൽ നിശബ്ദമായി
തകർന്ന പ്രതീക്ഷകൾക്കൊരുമാത്ര
സാന്ത്വനം,
മിഴിനീരുകൊണ്ടൊരു സ്നേഹഗീതം.



പൊള്ളയാം വാക്കിനാൽചൊല്ലുവാനാവില്ല
സ്നേഹമെൻ മൗനത്തിൽ ജീവിക്കുന്നു
ഏറെ ഞാൻ സ്നേഹിച്ച ഹൃദയവുമായി നീ -
യാ സത്യമറിയാതകന്നുപോയി.

വരികയില്ലൊരിക്കലും നീയിനിയീവഴി -
യോർമ്മയായ് മാഞ്ഞുപോയെന്ന സത്യം
അറിയുമെന്നാലും ഞാൻ കാത്തിരുന്നീടുന്നു
ഹൃദയം നിറയെ പ്രതീക്ഷയുമായി.

"വസന്തങ്ങളേറെ, ഭവതി, നിൻ ഭാവിയിൽ"
എന്ന മൊഴിയാൽ മാഞ്ഞേറെയകന്ന നീയോ,
അറിഞ്ഞില്ലൊരിക്കലും വസന്തമെൻ ജീവനിൽ

നീയാണ്, നീ മാത്രമെന്ന സത്യം.






## അപർണ രമണൻ

എസ്.എം.എസ്.ജെ.എച്ച്.എസ് തൈക്കാട്ടുശ്ശേരി


Energy Conservation

അലൻ വർഗ്ഗീസ്

9 B



# ജയകൃഷ്ണൻ


ശ്രീമൂലം സിൽവർ ജൂബിലി ഹൈസ്കൂൾ
തൈക്കാട്ടുശേരി
ജൂൺ- 5
ലോകപരിസ്ഥിതി ദിനം
പ്രകൃതിയെ സംരക്ഷിക്കൂ
ഭാവിതലമുറയെ ഭാസുരമാക്കൂ.






# അപർണ രമണൻ




അലൻ വർഗ്ഗീസ്

എസ്.എം.എസ്.ജെ.എച്ച്.എസ് തൈക്കാട്ടുശ്ശേരി

# 9 B



ഉന്നതി

# ജയകൃഷ്ണൻ



എസ്.എം.എസ്.ജെ.എച്ച്.എസ് തൈക്കാട്ടുശ്ശേരി

ലേഖനം

# കടമകളുടെ ലോകം



മരിയ

മനുഷ്യന് സമൂഹത്തിൽനിന്നു വേറിട്ടൊരു ജീവിതമല്ല അവരുടെ ജീവിതം ഭദ്രവും സുഖകരവുമാകുന്നത് സമൂഹത്തിന്റെ സുസ്ഥിതിയുടെ അടിസ്ഥാനത്തിലാണ് ലോകം നേരിടുന്ന ഏറ്റവും വലിയ പരിസ്ഥിതി പ്രശ്നം വായുമലിനീകരണമാണ് പ്രണവായുവിൽ വിഷവാതകം കലർന്നാൽ  മരണകാരണമായ രോഗങ്ങൾ ഉണ്ടാകും ശ്വാസകോശാരോഗ്യത്തിൽ ഇന്ത്യക്കാർ ഏറെ പിന്നിലാണെന്ന് പ്രമുഖ ശ്വാസകോശ ഡോക്ടർമാർ പറയുന്നു നമ്മുടെ വ്യവസായശാലകൾ വാഹനങ്ങൾ തുടങ്ങിയവയിൽ നിന്ന് വിഷലിപ്തമായ വാതകങ്ങൾ ഏറിയ തോതിൽനിർമ്മിക്കുന്നതാണ് പ്രധാകാരണം വിഷവാതകം ഉണ്ടാക്കുന്നതുമൂലം വലിയ പ്രശ്നം ഭൂമി നേരിടുന്നുസൂര്യകിരണങ്ങൾ തടയുന്ന സംരക്ഷണ കവചമായ ഓസോൺ ലെയർ ലോലമാക്കുകയും ചിലപ്പോൾ അതിൽ വിള്ളൽ ഉണ്ടാക്കുകയും ചെയ്യുന്നു മനുഷ്യജീവന് അനവാര്യമായ ഓക്സിജൻ സമൃദ്ധമായ ഉണ്ടാകത്തവിതം പ്രകൃതിയുടെ ക്രമവത്കരണം

മരങ്ങളും സസ്യവർഗങ്ങളും ഇടതൂർന്നു വളരുന്ന പ്രദേശങ്ങളിൽ പ്രാണവായു ധാരാളമായുണ്ടാകും

കവിത

# നന്ദി



അമ്പാടി

എരിതീയിലെരിഞ്ഞു ഞാൻ
ഒരു പിടിചാരമായ്
ഇനിയൊരു സ്വപ്നമെനിക്കില്ല
കിനാവിൻ ചിറകേറി
ഇനി ഞാൻ പറക്കില്ല
തീർന്നൊരീ പന്ഥാവിൽ
ചുവടുകളിനിയില്ല
ചുറ്റമിരുളും,മുൾപടർപ്പടർപ്പും,
ഒരു തീനാളമായ് വിഴുങ്ങാനൊരുങ്ങവേ,
ഇനിയെന്റെ നാവിനും ചലനമില്ല
ഇടറുന്ന കാലുകൾ മുന്നോട്ടിനിയില്ല
ചലനവും രോദനവും ഇനിയില്ല
ഇനി,ഞാനെന്ന മിഥ്യയും ഇല്ലേയില്ല
തീരുകയാണിവിടെയെല്ലാം
പിരിയും മുൻപേ.......
ഒരു വാക്ക്,
നന്ദി

POEM

# WHERE WILL ALL BIRDS GO ?



*Early morning one day*
*A little sparrow came my way.*
*She looked all troubled lost and worried*
*And before l could ask on her she hurried.*

*AISWARYA*

*Then on my way came a woody woodpecker.*
*Without a feathery cap he might have looked better.*
*L called to him to stop a while*
*But off he flew without a smile.*

*All of a sudden l spotted a cuckoo bird.*
*Her song for long has not been heard.*
*And just as l was about to ask her why*
*She swished her tail and flew without a bye.*


POEM

AYANA



# MY HERO

you held my hand
when I was small
you caught me when I fell
you are the hero of my childhood
And my later years as well
And every time I think of you
my heart fills with pride
Though I'll miss you dad
I know you are by my side
In laughter and in sorrow
In sunshine and through rain
I know you ' re watching over me
Until we meet again




NEETHI MEDICALS

POEM

# MY SWEET GRANDMOTHER



ANNA ANEETTA

It's chocolaty..........
It's delicious smell,
It's nutty,
As it wafts through my door



I walk out of my room,
Sniffing the air.
I saw my granny
Standing there.

''Oh granny,what have you made?''
''Take a guess it's your favourite dear''.
Feigning curiosity, said
''Isn't it, the dark chocolate Florentines ?''

What more do you want'
When you have a granny like mine?
To spend time with her,
It's like heaven on earth.......


# I am a flower

I am a flower,
When blooms everyday
My life span is zero,
Who lends me as hero.
Everyone plucks me,
To enjoy its brightness.
For a minute,I will be their baby.
After that my life is in the heaven,
I live there for long ,Like an angle.






SNEHA



**POEM**

# ARE YOU AWARE OF YOUR WORLD........?

**Know this world and fly high**
**Not only with your brain**
**But also too with your mind**
**Open your eyes and let your**
**Wings get sharpened**
**Learn through books;**
**Earn through your experience.**
**Domineer this world and**
**Gain in this journey of life,**
**Earning more knowledge....**





**SANIYA**

POEM

# My mind is full of blossoms...

Like an apple,which is full of seeds
My mind is full  of needs...
Like a sky which is full of stars and night
My mind is full of dreams...
Like a school bag which is full of books
My mind is full of facts...
Like a temple which is full of gods
My mind is full of truths...
One day my mind will durst and sprout
and will give of all these blossoms...





VISMAYA

# *THE VALUE OF FRIEND SHIP*

*I looked into your eyes,*
*But you turned away.*
*You greeted me with a smile,*
*As we met again.*

*You are the best thing,*
*That happened in my life.*
*With out you,*
*I am not complete.*



*Me and you make*
*Everything in our life.*
*Nothing can separate us*
*It's our destiny.*

*The world might go dark*
*The sky might fall*
*But we won't care for what*
*Others say*
*We are best friends forever.*

*SONA ARAHAM*

# *SMILE*

***A blooming flower has a grace,***
***It's referred to at its magnificence.***
***A smiling face has a glory,***
***It's referred to as beauty.***

***A smile costs nothing***
***But it tells us something.***
***It makes our face bright***
***and fills our minds with delight.***



***A glimpse of smile creates***
***Happiness in our heart.***
***A smile happens in a flash***
***But It's memory lasts forever.***

***SONA ABRAHAM***



POEM

# MY SCHOOL

I love to get up in the down,
To see the sun rising
Because after sometime
I can go to my school.

I love to be in my school
From the morning to evening
I can't even think of a holiday
When I cannot see the school.



I love my beloved teachers
Who open to us the world of wisdom
I like my classroom, library and play -
ground
Where I and my friends work and play
together.

I like everything in my school
Which I consider my second home.
After going home in the evening
I eagerly wait for the down to be in my
school again



JAIMY


അറിയിപ്പ്
പുകവലി
അപകടകരവും, കുറ്റകരവുമാണ്.
അത് കർശനമായി നിരോധിച്ചിരിക്കുന്നു.
Sd/.
H.M.
PEACE STOP THE WAR
NOT WAR

# FAMOUS QUOTES BY GANHIJI

It is unwise to be too
sure of one's on wisdom.

It is healthy to be reminded
that the strongest might
Weaken and the wisest might cry

Honest difference are often on healthy sing
of progress.

Whatever you do may be insignificant,
but it is very in important that you do it.

You must you not lose faith in humanity
Humanity is an ocean. If a few drops of
the ocean are dirty, the ocean dose not
become dirty.



GOPIKA


# ലിറ്റിൽ കൈറ്റ്സ്

# 2018-2019

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

PRESENTS





എസ്.എം.എസ്.ജെ.എച്ച്.എസ് തൈക്കാട്ടുശ്ശേരി



# നന്ദി

മാഗസിൻ നിർമ്മാണത്തിനു സഹകരിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും സഹായിച്ച അധ്യാപകർക്കും നന്ദി .





